ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ട് ഇനി താലൂക്ക് രൂപീകരണം വരുന്നകൂട്ടത്തിൽ കഴക്കൂട്ടം താലൂക്ക് രൂപീകരണം കൂടി പ്രഖ്യാപിക്കാൻ ആവശ്യമായ നടപടി ബഹുമാന്യനായ, പരിണതപ്രജ്ഞനായ റവന്യൂ വകുപ്പുമന്ത്രി നിർവ്വഹിക്കുമെന്നു പ്രതീക്ഷിക്കുകയാണ്. അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ഈ പ്രമേയത്തിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, അർബൻ താലൂക്ക്, റൂറൽ താലൂക്ക് എന്ന രീതിയിലുള്ള കൺസെപ്റ്റ് ഇല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കഴക്കൂട്ടത്തിന്റെ പ്രാധാന്യത്തെ കുറിച്ചൊക്കെ ഗവൺമെന്റിന് വളരെയേറെ ബോദ്ധ്യമുണ്ട്. ഈ വിഷയത്തിൽ ഞാൻ മുൻകൂട്ടി ഒരു കാര്യവും പറയുന്നില്ല. റവന്യൂ കമ്മീഷണർ ശ്രീ. അൽഫോൺസ് കണ്ണന്താനത്തെ താലൂക്ക് രൂപീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വൺ മേൻ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം കമ്മീഷന്റെ പരിഗണനയ്ക്കുവേണ്ടി ഞാൻ അയച്ചുകൊടുക്കാം. കമ്മീഷൻ അത് പരിശോധിക്കും. കമ്മീഷന്റെ റിപ്പോർട്ട് വരുന്ന മുറയ്ക്ക് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാം.

(7) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബർ

ശ്രീ. പി. കെ. കെ. ബാവ: സർ, തങ്ങളുടേതല്ലാത്ത കാരണം കൊണ്ട് ഈ സഭയിൽ പ്രാതിനിധ്യം നഷ്ടപ്പെട്ടുപോയ അനാഥരായി കഴിയുന്ന ഒരു നിയോജകമണ്ഡലത്തിലെ നീറുന്ന ജീവൽ പ്രശ്നമാണ് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നത്. അവിടെ ഞാൻ ഒരു വോട്ടറാണ്. കൊയിലാണ്ടിയിൽ ഒരു ഫിഷിംഗ് ഹാർബർ എന്നുള്ളത് വളരെക്കാലത്തെ ഒരു അഭിലാഷമാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതോടുകൂടി ആ ചർച്ചയ്ക്ക് വലിയ സജീവത കൈവരിക്കാൻ സാധിച്ചു. അതിനെത്തുടർന്ന് കുറെ നടപടികളുമായി. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തശേഷം, അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി അതിന് ചിറകും തൂവലും ഒക്കെ വന്നുകഴിഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി കൊയിലാണ്ടിയിലെ അനാഥരായ ജനങ്ങളോട് നീതിപുലർത്തുന്നതിന് എത്രയുംവേഗം ആവശ്യമായ നടപടി സ്വീകരിച്ച് ബന്ധപ്പെട്ട കേന്ദ്രങ്ങളെ സമീപിച്ച് കൊയിലാണ്ടിയിലെ ഫിഷിംഗ് ഹാർബർ എന്ന ജനങ്ങളുടെ വളരെക്കാലത്തെ അഭിലാഷം സാധിച്ചു കൊടുക്കുന്നതിന് തുടക്കം കുറിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് കൊയിലാണ്ടിയുമായി ബന്ധപ്പെട്ട ചരിത്രത്തിന്റെ ഭാഗമാകാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധത കാണിക്കണം. അതിന് ഞങ്ങളോട് കനിയണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, ഒരു നിയോജകമണ്ഡലത്തിലേയും ജനങ്ങളെ അനാഥരാക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. എല്ലാ ജനങ്ങളോടും ഈ ഗവൺമെന്റ് നീതി കാണിക്കുമെന്ന് ആമുഖമായി പറയുകയാണ്. 35.64 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിക്കഴിഞ്ഞു. ഈ പദ്ധതിയുടെ പുതുക്കിയ രൂപരേഖ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കേന്ദ്ര സർക്കാരിന്റെ ഭരണാനുമതിയും ഫണ്ടും ആവശ്യമാണ്. ഭരണാനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞയാഴ്ച ചീഫ് എൻജിനീയർ അടക്കമുള്ള സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാർ ഡൽഹിയിൽ പോയി ചർച്ച നടത്തിയിരുന്നു. താമസിയാതെ ഭരണാനുമതി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നമ്മുടെ ഈ വർഷത്തെ ബഡ്ജറ്റിൽ കൊയിലാണ്ടി ഫിഷിംഗ് ഹാർബർ പദ്ധതിക്കുവേണ്ടി പണം വക കൊള്ളിച്ചിട്ടുണ്ട്. മാത്രമല്ല, ഈ സർക്കാരിന്റെ കാലത്തുതന്നെ ഈ ഹാർബറിന്റെ പണി ആരംഭിക്കും.

(8) ഹയർസെക്കൻഡറി തലത്തിൽ പിന്നോക്ക സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ സംവരണത്തിൽ വരുത്തിയ മാറ്റം

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, കേരളത്തിലെ പിന്നോക്ക ജനവിഭാഗങ്ങളെ പൊതുവിലും ലത്തീൻ കത്തോലിക്കാ സമുദായത്തെ പ്രത്യേകിച്ചും ബാധിക്കുന്ന രണ്ട് സുപ്രധാന കാര്യങ്ങളുടെ നേർക്ക് ഈ സഭയുടേയും ബഹുമാനപ്പെട്ട മന്ത്രിയുടേയും ശ്രദ്ധ ക്ഷണിക്കുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലേയും അതുപോലെ സർക്കാർ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലേയും വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് പല ഘട്ടങ്ങളിലായി 5 ജി.ഒ.കൾ പുറപ്പെടുവിച്ചിട്ടുണ്ട്. 27-2-1991-ലും 9-6-2003-ലും 17-6-2003-ലും 1-7-2005-ലും 4-7-2005-ലും ജി.ഒ.കൾ ഇറക്കുകയുണ്ടായി. ഈ ജി.ഒ.കൾ മൂലൊന്നിരം കുറച്ച് കൺഫ്യൂഷൻ ഉണ്ടായിട്ടുണ്ട്. ഹയർ സെക്കൻഡറി സ്കൂളുകൾ, അത് സർക്കാർ എയ്ഡഡ് സ്കൂളുകളായാലും വിദ്യാർത്ഥി പ്രവേശനത്തിൽ പിന്നോക്ക ജനവിഭാഗങ്ങൾക്ക് പൊതുവിൽ കിട്ടിക്കൊണ്ടിരുന്ന സംവരണത്തിൽ കുറവ് വന്നിട്ടുണ്ട്. അതിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് ഉണ്ടായിട്ടുള്ളത് ലത്തീൻ കത്തോലിക്കാ വിഭാഗത്തിനാണ്. അവർക്ക് രണ്ട് ശതമാനം സംവരണം ഉണ്ടായിരുന്നത് ഒരു ശതമാനമാക്കി കുറയ്ക്കുകയും അതിൽത്തന്നെ മറ്റ് വിഭാഗങ്ങളെക്കൂടി ക്ലബ് ചെയ്യുകയും ചെയ്തിരിക്കുന്ന അനീതിക്ക് അവസാനമുണ്ടാകണം. അതുപോലെ ലത്തീൻ ഭാഷ പഠിക്കുന്നതിന് നിലവിലുള്ള